64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 639 Participant Code: 033

# മറന്നുപോകരുതേ!

ഞാൻ കരുതി ചുവപ്പ് മാത്രമാണ് നിറമെന്ന്
അത് മാത്രമാണ് ഞാൻ കണ്ടിട്ടുള്ളത്
സംഗീതമെന്നാൽ നിലവിളിയല്ലേ?
അതോ ആ 'അമനുഷ്യരുടെ' കല്ലുകൾ
ഗർജിക്കുന്ന ശബ്ദമോ?
അതായിരിക്കാം, അതാണല്ലോ എന്റെ താരാട്ട്

കളിപ്പാട്ടമോ? അതെന്താ?
എല്ലുകൾ പെറുക്കി കൂട്ടി മാത്രമാണ് ഞാൻ കളിച്ചിട്ടുള്ളത്
അതായിരിക്കാം കളിപ്പാട്ടങ്ങൾ.
എനിക്കേറ്റവും ഇഷ്ടമുള്ള മിഠായി കല്ലാണ്
അത് വയറിൽ കെട്ടി വെച്ചാൽ എന്തൊരു സ്വാദാണന്നോ?

എനിക്കുടുപ്പുകളില്ലായിരുന്നു, പക്ഷേ ഒരിക്കൽ
അച്ഛൻ ഒരുടുപ്പ് കൊണ്ടുവന്നു
ഒരു വെള്ളുടുപ്പ്
പക്ഷേ അത് അമ്മക്കാണത്രേ! അമ്മക്ക് യാത്ര പോകാൻ!

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഞാനെന്നും സ്വപ്നം കാണും, ആ ഉടുപ്പിനായി
പക്ഷേ സ്വപ്നത്തിന് കടക്കാൻ ഒരു
സുരക്ഷിതമായൊരിടം പോലും എന്റെ മനസ്സിലുണ്ടായിരുന്നില്ല.

ഒരിക്കൽ പേടിച്ച് പേടിച്ച് ആ സ്വപ്നം എന്നിലേക്കടുത്തു
അച്ഛൻ എനിക്കൊരുടുപ്പ് വാങ്ങി തരുന്നത്.
എന്നിട്ട് എന്റെ കാതിൽ മന്ത്രിച്ചു

'നി മറന്നുപോകരുതേ, നിനക്ക് വിധിക്കപ്പെടേണ്ടത് ഇതായിരുന്നില്ലെന്ന്.'
ചുവപ്പ് മാത്രമുള്ള നിന്റെ ജീവിതത്തിന്
നൂറു നിറങ്ങളുണ്ടായിരുന്നെന്ന്!

നിന്റെ ബാല്യം കാക്കകൾക്ക് കൊത്തി തിന്നാനുള്ള
ബലി ചോറാവേണ്ടതല്ലെന്ന്!
ബാല്യമോ? അതെന്താ?
ബാല്യമെന്താണെന്ന് പോലും നി മറന്നുപോയിരിക്കുന്നു!